**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 624** **10-02-2025 - ൽ മറുപടിയ്ക്ക്**

**വ്യവസായ രംഗത്ത് രാജ്യത്തിന് മാതൃകയായി വികസന മുന്നേറ്റം ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ രംഗത്ത് രാജ്യത്തിന് മാതൃകയായി വികസനമുന്നേറ്റം ലക്ഷ്യമിട്ട് ഈ സർക്കാർ നടപ്പാക്കി വരുന്ന വിവിധ പദ്ധതികളിലൂടെ സംസ്ഥാനത്ത് എന്തൊക്കെ മാറ്റങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുവാൻ മുന്നോട്ട് വരുന്ന നവസംരംഭകർക്കും നിലവിലുള്ള സംരംഭകർക്കും ഒരുപോലെ പ്രോത്സാഹനം നല്കുന്നതിനും, അതുവഴി സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കി മാറ്റുന്നതിനുമായി നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. വ്യവസായ അനുമതികൾക്കായുള്ള ഓൺലൈൻ ഏകജാലക സംവിധാനം, നിക്ഷേപകർക്ക് സമയബന്ധിതമായി അനുമതികൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും, പ്രക്രിയകൾ ലളിതമാക്കുന്നതിനും, അനധികൃത തടസ്സങ്ങൾ നീക്കുന്നതിനുമായി നടത്തിയ നിയമ നിർമ്മാണങ്ങൾ, അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യം വെച്ചുകൊണ്ടുള്ള വിവിധ പദ്ധതികൾ, സംരംഭകത്വ പ്രോൽസാഹനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ തുടങ്ങിയ വിവിധങ്ങളായ നടപടികൾ ബിസിനസ് ആരംഭിക്കുന്നവർക്കും നിക്ഷേപകർക്കും വലിയ രീതിയിൽ സഹായകമായിട്ടുണ്ട്.<br><br>• 2019-ലെ 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിന് കീഴിലുള്ള ഇളവുകൾ പ്രയോജനപ്പെടുത്തി നാളിതുവരെ 63,726 സംരംഭകർ തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രങ്ങൾ സ്വന്തമാക്കി സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>• സംരംഭകത്വ പ്രോൽസാഹനം ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച സംരംഭക വർഷം പദ്ധതി വഴി ആകെ 3,42,936 സംരംഭങ്ങൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുകയും അതുവഴി 22010.48 കോടി രൂപ നിക്ഷേപവും 7,27,253 |

തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു.

- വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്തുവാനും, അനാവശ്യ പരിശോധനകൾ ഒഴിവാക്കാനും വേണ്ടി നടപ്പിലാക്കിയ കെ-സിസ് (Kerala Centralised Inspection System) എന്ന ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനത്തിൽ, നിലവിൽ 4 വകുപ്പുകളെ സംയോജിപ്പിക്കാനും, അഞ്ചു ലക്ഷത്തിലധികം സംരംഭങ്ങളെ രജിസ്റ്റർ ചെയ്യിക്കാനും സാധിച്ചു.
- അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ ഭേദഗതികൾ വഴി കെ.എസ്.ഐ.ഡി.സി-യുടെയും കിൻഫ്രയുടെയും കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ഏകീകൃത ലാൻഡ് അലോട്ട്മെന്റ് ചട്ടം നിലവിൽ വന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള വ്യവസായ പാർക്കുകൾക്കായി പുതിയ ലാൻഡ് അലോട്ട്മെന്റ് ചട്ടവും, നിലവിൽ വന്നു. ഇതിലൂടെ സംരംഭകർ വ്യവസായ പാർക്കുകളുമായി ബന്ധപ്പെട്ട് നാളുകളായി നേരിട്ടുകൊണ്ടിരുന്ന നിരവധി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധിച്ചു.
- കൂടാതെ, സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്കായി 3 കോടി വരെ സബ്സിഡി നല്കുന്ന പുതിയ പദ്ധതിയും രൂപീകരിച്ചു. ഇതിന്റെ ഭാഗമായി ഇതുവരെ 30-ൽ അധികം സ്വകാര്യ എസ്റ്റേറ്റുകൾക്ക് ഡെവലപ്മെന്റ് പെർമിറ്റ് നൽകി.
- സംസ്ഥാനത്തെ ക്യാമ്പസുകളിൽ നിലവിലുള്ള അധിക ഭൂമി വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനായി ക്യാമ്പസ് വ്യവസായ പാർക്കുകൾ തുടങ്ങുവാനുള്ള നയവും സർക്കാർ ആവിഷ്കരിച്ചു.
- യൂണിഫൈഡ് ലാന്റ് & ബിൽഡിംഗ് പോളിസി, K-SWIFT എന്നിവ നടപ്പിലാക്കിയതിലൂടെ കൂടുതൽ നിക്ഷേപകരെ വ്യവസായ രംഗത്തേക്ക് കൊണ്ടുവരുന്നതിനും വ്യവസായം കൂടുതൽ സുഗമമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

വ്യാവസായിക വികസനം ലക്ഷ്യമിട്ട് വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനും കൂടുതൽ

| | | | |
|---|---|---|---|
| | | | നിക്ഷേപവും കൂടുതൽ തൊഴിലവസരവും സൃഷ്ടിക്കുന്നതിന് കിൻഫ്ര മുഖേന താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br><br>1. പെട്രോകെമിക്കൽ പാർക്ക്, അമ്പലമുഗൾ, കൊച്ചി<br><br>2. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം (ഘട്ടം II) കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം<br><br>3. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി<br><br>4. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്<br><br>5. കണ്ണൂരിലെ ലാൻഡ് ബാങ്ക്<br><br>6. ഇൻഡസ്ട്രിയൽ പാർക്ക്, പെരുമ്പാവൂർ<br><br>7. അഡ്വാൻസ് ടെക്നോളജി പാർക്ക്, പുഴയ്ക്കൽ, തൃശ്ശൂർ<br><br>8. യൂണിറ്റിമാൾ, തിരുവനന്തപുരം<br><br>9. കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക്, പാലക്കാട് (ഘട്ടം II).<br><br>കഴിഞ്ഞ 3 വർഷങ്ങളായി കിൻഫ്ര പൂർത്തീകരിച്ച പദ്ധതികളിലൂടെ 2236.66 കോടി രൂപയുടെ മൂലധന നിക്ഷേപവും 27,335 തൊഴിലവസരങ്ങളും കേരളത്തിൽ എത്തിക്കാനായി. |
| (ബി) | രാജ്യത്ത് ഏറ്റവും എളുപ്പത്തിൽ വ്യവസായം നടത്തുവാൻ കഴിയുന്നത് കേരളത്തിലാണെന്ന് നീതി ആയോഗ് മുൻ സി.ഇ.ഒ. അഭിപ്രായപ്പെട്ടിരുന്നോ; ഇത്തരത്തിൽ ബിസിനസ് നടത്തുന്നതിന് ഏറ്റവും അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിന് നടപ്പാക്കിയ നയപരിപാടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (ബി) | അഭിപ്രായപ്പെട്ടിരുന്നു. 2025 ഫെബ്രുവരി 21-22 തീയതികളിലായി എറണാകുളത്തു വെച്ച് നടത്താനിരിക്കുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന് മുന്നോടിയായി ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഡൽഹിയിൽ വെച്ച് നടത്തിയ റോഡ് ഷോയിൽ വെച്ചാണ് രാജ്യത്ത് ഏറ്റവും എളുപ്പത്തിൽ വ്യവസായം നടത്തുവാൻ കഴിയുന്നത് കേരളത്തിലാണെന്ന് നീതി ആയോഗ് മുൻ സി.ഇ.ഒ അഭിപ്രായപ്പെട്ടത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഉയർന്ന ജീവിത നിലവാരവും മികച്ച ആരോഗ്യ സംവിധാനവും മികച്ച വിദ്യാഭ്യാസ നിലവാരവും കൈവരിച്ചിട്ടുള്ള സംസ്ഥാനമാണ്. മാനുഷിക വികസന സൂചികയിലും കേരളം മറ്റു സംസ്ഥാനങ്ങളെ മാത്രമല്ല, ലോകത്തിലെ പല രാജ്യങ്ങളെയും മറികടക്കുന്നു. ഈ പ്രഗത്ഭമായ സൂചികകളോടൊപ്പം, കേരളത്തിന്റെ പ്രധാന ശക്തികളിലൊന്നായ പ്രഗല്ഭരായ മനുഷ്യശേഷികൂടി കൂടിച്ചേരുമ്പോൾ, അതുല്യമായ ഒരു സംരംഭക |

| | | | |
|---|---|---|---|
| | | | അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ കേരളം വിജയിച്ചുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.<br><br>ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സുമായി ബന്ധപ്പെട്ട് സംസ്ഥാനം നടപ്പിലാക്കിയ വിവിധ നിയമ നിർമ്മാണങ്ങളും, സംരംഭക പ്രോൽസാഹന പദ്ധതികളും, ഓൺലൈൻ ഏകജാലക സംവിധാനങ്ങളും, അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യം വെച്ചുകൊണ്ടുള്ള വിവിധ പദ്ധതികളുമൊക്കെയാണ്, ഇത്തരത്തിൽ ബിസിനസ് നടത്തുന്നതിന് ഏറ്റവും അനുയോജ്യമായ സാഹചര്യം കേരളത്തിൽ സൃഷ്ടിച്ചത്. |
| (സി) | സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയുടെ സംഭാവനകളെ അംഗീകരിക്കുന്നതിനുമായി നടപ്പാക്കി വരുന്ന പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. വ്യാവസായിക നിക്ഷേപം കൂടുതൽ കാര്യക്ഷമവും ഫലപ്രദവും സുതാര്യവും ഉപഭോക്തൃ സൗഹൃദവുമാക്കുന്നതിന് വിവരസാങ്കേതികവിദ്യയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് സമയപരിധിക്കുള്ളിൽ അംഗീകാരങ്ങൾ വേഗത്തിലാക്കുന്നതിന് ഓൺലൈൻ സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനം (K-SWIFT) സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ലൈസൻസുകളും അംഗീകാരങ്ങളും സമയബന്ധിതമായി നൽകുന്ന കാര്യത്തിൽ സർക്കാരുമായുള്ള ഭാവിയിലെ എല്ലാ ഇടപാടുകൾക്കും കേരള സിംഗിൾ വിൻഡോ ഇന്റർഫേസ് ഫോർ ഫാസ്റ്റ് ആൻഡ് ട്രാൻസ്പരന്റ് ക്ലിയൻസ് (K-SWIFT) വേദിയായിരിക്കും. K-SWIFT-ൽ എല്ലാ അപേക്ഷകളും ഒരു ഏകീകൃത പൊതു അപേക്ഷാ ഫോം (CAF) വഴി സമർപ്പിക്കാം. സംരംഭകർക്ക് അവരുടെ എല്ലാ അപേക്ഷകളും ഓൺലൈനായി സമർപ്പിക്കാനും ആവശ്യമായ സഹായ രേഖകൾ അപ് ലോഡ് ചെയ്യുന്നതിനും കഴിയും. അതുവഴി മുഴുവൻ പ്രക്രിയയും കൂടുതൽ കാര്യക്ഷമമാക്കാനും സുതാര്യമാക്കാനും ഫലപ്രദമാക്കുവാനും സാധിക്കുന്നു.<br><br>വ്യവസായ മേഖലയിൽ സംസ്ഥാനം നടപ്പിലാക്കിയ പരിഷ്കരണങ്ങളും നിയമനിർമ്മാണങ്ങളും വഴി, 22 വകുപ്പുകൾ/ഏജൻസികളിൽ, 30 പരിഷ്കരണ മേഖലകളിലായി 352 ആക്ഷൻ പോയിന്റുകൾ ഉണ്ടായിരുന്ന കേന്ദ്ര സർക്കാരിന്റെ സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2022-ലെ പതിപ്പിൽ, ഒമ്പത് മേഖലകളിൽ ടോപ്പ് അച്ചീവർ പുരസ്കാരം സ്വന്തമാക്കാൻ കേരളത്തിന് സാധിച്ചു. പ്രസ്തുത പരിഷ്കരണ മേഖലകളിൽ 95% പോസിറ്റീവ് ഫീഡ്ബാക്ക് സ്കോർ നേടുന്ന സംസ്ഥാനങ്ങളാണ് ഡി.പി.ഐ.ഐ.ടി ടോപ്പ് അച്ചീവർ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്. രാജ്യത്തിൽ തന്നെ ഏറ്റവുമധികം |

| | | | |
|---|---|---|---|
| | | | മേഖലകളിൽ ടോപ്പ് അച്ചീവർ സ്ഥാനം നേടിയ സംസ്ഥാനവും കേരളമാണ്. തുടർന്നും തൽസ്ഥിതി നിലനിർത്തുന്നതിനാവശ്യമായ നടപടികളും നിലവിൽ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ